പതിമൂന്നാം കേരള നിയമസഭ

ഒന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ:2000 14.07.2011- ലെ മറുപടി

## കെ.എസ്.ആർ.ടി.സി. ബസ് സ്റ്റേഷൻ

ചോദ്യം ഉത്തരം

ശ്രീ. എം. ഹംസ

ശ്രീ.വി.എസ്.ശിവകുമാർ
ഗതാഗതവും ദേവസ്വവും വകുപ്പ് മന്ത്രി

| | | | |
|---|---|---|---|
| (എ) | ഒറ്റപ്പാലം ടൗണിൽ കെ.എസ്.ആർ.ടി.സി യ്ക്ക് ബസ്സ് സ്റ്റേഷൻ ഇല്ലായെന്ന കാര്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | (എ) | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ബി) | പാലക്കാട് നിന്ന് ഒറ്റപ്പാലം വഴി തൃശ്ശൂരിലേക്കും പട്ടാമ്പിയിലേക്കും പോകുന്ന കെ.എസ്.ആർ.ടി.സി ബസ്സുകളിൽ ഒറ്റപ്പാലത്തു നിന്നുള്ള യാത്രക്കാരെ കയറ്റുന്നതിനും ഇറക്കുന്നതിനും എന്ത് ക്രമീകരണമാണ് ഏർപ്പെടുത്തിയിട്ടുള്ളത്. | (ബി) | പാലക്കാട് നിന്ന് ഒറ്റപ്പാലം വഴി പട്ടാമ്പിയിലേക്ക് പോകുന്ന കെ.എസ്.ആർ.ടി.സി ബസ്സുകൾ ഒറ്റപ്പാലം മുൻസിപ്പൽ ബസ് സ്റ്റാൻഡിൽ കയറി യാത്രക്കാരെ ഇറക്കുന്നതിനും 5 മുതൽ 10 മിനിട്ട് വരെ പാർക്ക് ചെയ്ത് യാത്രക്കാരെ കയറ്റിപോകുന്നതിനും ജീവനക്കാർക്ക് കർശന നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | യാത്രക്കാരുടെ സൗകര്യത്തിനും സുരക്ഷിതത്വത്തിനുമായി ഒരു പ്രത്യേക കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനും ഡിപ്പോയും ഒറ്റപ്പാലത്ത് ആരംഭിക്കുവാൻ നടപടി സ്വീകരിക്കുമോ; എങ്കിൽ വിശദാംശം ലഭ്യമാക്കാമോ? | (സി) | ഒറ്റപ്പാലത്ത് കെ.എസ്.ആർ.ടി.സി ബസ് സ്റ്റേഷനും ഡിപ്പോയും ആരംഭിക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ